**പതിനാലാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2294 — 09.03.2018 ന് മറുപടിയ്ക്ക്.

## <u>വനം മ്യൂസിയവും ഫോറസ്റ്റ് സ്റ്റേഷനുകളും സ്ഥാപിക്കുന്ന നടപടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി.ഗീതാഗോപി<br>ശ്രീ.എൽദോ എബ്രഹാം<br>ശ്രീ.കെ.രാജൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വനം മ്യൂസിയം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയാണ് സ്ഥാപിക്കുന്നത് എന്നറിയിക്കുമോ;<br>(ബി) വനം മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; ഇത്തരത്തിൽ വന പ്രദേശങ്ങളോട് ചേർന്ന് കൂടുതൽ വനം മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശ്യമുണ്ടോയെന്നറിയിക്കുമോ; | (എ) & (ബി) പി.റ്റി.പി സോഷ്യൽ ഫോറസ്ട്രി കോംപ്ലക്സിൽ വിദ്യാർത്ഥികൾക്കു വേണ്ടി ഒരു നാച്വറൽ ഹിസ്റ്ററി മ്യൂസിയം സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഒരു വനം മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എവിടെയാണ് സ്ഥാപിക്കുന്നതെന്ന് അന്തിമമായി തീരുമാനിച്ചിട്ടില്ല. |
| (സി) വനം വകുപ്പിൽ പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണെന്ന് അറിയിക്കുമോ;<br>(ഡി) പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ? | (സി)&(ഡി) വനം വകുപ്പിൽ പുതുതായി 10 ഫോറസ്റ്റ് സ്റ്റേഷനുകൾ കൊല്ലം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ